(ബി) ഉണ്ടെങ്കിൽ അത് തടയുവാൻ സർക്കാർ കൈക്കൊണ്ടിരിക്കുന്ന നടപടികൾ എന്തൊക്കെയാണ് ;

(സി) 2000 ഏപ്രിൽ മുതൽ ഡിസംബർ വരെ ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ചാർജ് ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഈ കാലയളവിൽ ഫിഷറീസ് വകുപ്പിൽ ഇത്തരം കേസുകളൊന്നും ചാർജ് ചെയ്തിട്ടില്ല.

ചെല്ലാനത്ത് ഫിഷിംഗ്ഹാർബർ സ്ഥാപിക്കാൻ നടപടി

84 (911) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ചെല്ലാനം കടലോരപഞ്ചായത്തിലെ പുത്തൻതോട് ഭാഗത്ത് ഒരു മിനി ഫിഷറീസ് ഹാർബർ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഏതെങ്കിലും നിവേദനം സർക്കാരിനു ലഭിച്ചിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ ഇതുവരെ എടുത്ത തീരുമാനങ്ങൾ എന്തൊക്കെ ആണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ബാധകമല്ല.

കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ പ്രോജക്ട് റിപ്പോർട്ട്

85 (912) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ട് എത്ര കാലമായി ;

(ബി) പ്രസ്തുത എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ് ;

(ഡി) പ്രസ്തുത പദ്ധതിയുടെ മോഡൽസ്റ്റഡി നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(എഫ്) പ്രസ്തുത പദ്ധതി എന്നേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 5 വർഷമായി.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) മോഡൽസ്റ്റഡി പ്രാരംഭഘട്ടത്തിലാണ്.

(ഇ) ബാധകമല്ല.

(എഫ്) മോഡൽസ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പുതുക്കിയ രൂപരേഖ പരിശോധിച്ച് അംഗീകാരം നൽകിയശേഷം പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഫിഷറീസ് റോഡുകളുടെ നിർമ്മാണം

86 (913) പ്രൊഫ. മീനാക്ഷിതമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിലെ ഫിഷറീസ് റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കാമോ ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പണി പൂർത്തിയാക്കി കഴിഞ്ഞു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

അഴീക്കൽ ഫിഷറീസ് ഐസ് പ്ലാന്റ് പ്രവർത്തന സജ്ജമാക്കാൻ നടപടി

87 (915) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ അഴീക്കലിൽ പ്രവർത്തനരഹിതമായി കിടക്കുന്ന ഐസ് പ്ലാന്റ് മത്സ്യഫെഡിനു കൈമാറിയശേഷം അത് പുനരുജ്ജീവിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സർക്കാർ കൈകൊണ്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly